**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 479** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഇന്ധന വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുമ്പോഴും കൂടുമ്പോഴും രാജ്യത്ത് ഇന്ധന വിലക്കയറ്റമുണ്ടാകുന്നത് സംസ്ഥാനങ്ങൾ നികുതി ചുമത്തുന്നത് കൊണ്ടാണെന്ന പ്രചരണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറയ്ക്കുകയാണ് ഉണ്ടായത്. എന്നാൽ 06-05-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും തുടരെയുണ്ടാകുന്ന വിലക്കയറ്റത്തിനു കാരണം സംസ്ഥാനങ്ങൾ നികുതി ചുമത്തുന്നത് കൊണ്ടാണെന്നുള്ള പ്രചരണം അടിസ്ഥാനരഹിതമാണ്. കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. |
| (ബി) | ജി.എസ്.ടി. പരിധിയിൽ കൊണ്ടുവന്നിട്ടുള്ള | (ബി) | 2021 ജനുവരി മുതൽ ഒക്ടോബർ 6 വരെയുള്ള |

| | | | |
|---|---|---|---|
| | ഗാർഹിക ഗാർഹികേതര പാചകവാതകത്തിന് 2021 ജനുവരി മുതൽ എത്ര വില വർദ്ധനവുണ്ടായെന്ന് അറിയിക്കാമോ; | | കാലയളവിൽ ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന്റെ വിലയിൽ 205.50/- രൂപയുടെയും വാണിജ്യാവശ്യത്തിനുള്ള പാചകവാതകത്തിന്റെ വിലയിൽ 388.50/-രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | സംസ്ഥാനങ്ങളുമായി നികുതിവിഹിതം പങ്കുവയ്ക്കുന്നത് ഒഴിവാക്കാനായി ഇന്ധനത്തിന്മേൽ കേന്ദ്രസർക്കാർ ചുമത്തുന്ന അഡീഷണൽ എക്സൈസ് തീരുവ, വിവിധ സെസ്സ് എന്നിവ ഒഴിവാക്കാനും വിലനിയന്ത്രണം ഏറ്റെടുത്ത് വില കുറയ്ക്കാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ? | (സി) | കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. അതിന് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ എല്ലാ രാഷ്ട്രീയകക്ഷികളും തയ്യാറാകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ